പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 127

# 2007-ലെ അർത്ഥപലിശയും, ജന്മിഭോഗവും, കരത്തിൽചെലവും (നിർത്തലാക്കൽ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 127

# 2007-ലെ അർത്ഥപലിശയും, ജന്മിഭോഗവും, കരത്തിൽചെലവും (നിർത്തലാക്കൽ) ബിൽ

865/2007.

# 2007-ലെ അർത്ഥപലിശയും, ജന്മിഭോഗവും, കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ

നഷ്ടപരിഹാരം നൽകിക്കൊണ്ട് അർത്ഥപലിശയും ജന്മിഭോഗവും, കരത്തിൽചെലവും, നിർത്തലാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ആവർത്തിച്ചും, സമയാസമയങ്ങളിലും ജന്മിമാർക്ക് നൽകിക്കൊണ്ടിരിക്കുന്ന അർത്ഥപലിശയും ജന്മിഭോഗവും, കരത്തിൽ ചെലവും, നഷ്ടപരിഹാരം നൽകി നിർത്തലാക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അമ്പത്തിയെട്ടാം സംവത്സരത്തിൽ താഴെപറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ അർത്ഥപലിശയും, ജന്മിഭോഗവും, കരത്തിൽചെലവും (നിർത്തലാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് 1949 ജൂലായ് 1-നു മുൻപ് തിരുവിതാംകൂർ സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന കേരള സംസ്ഥാന പ്രദേശത്തിന്റെ ഭാഗത്ത് വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത്, ഗസറ്റ് വിജ്ഞാപനംമൂലം സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''നിശ്ചിത ദിവസം'' എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന ദിവസം എന്നർത്ഥമാകുന്നു;

(ബി) ''അർത്ഥപലിശ'' എന്നാൽ സർക്കാർ, വിളംബര തീയതിക്കുമുൻപ് നെല്ലായിമാത്രം നൽകേണ്ടിയിരുന്നതും, ആയത് ജന്മിയുടെ ഇഷ്ടപ്രകാരം നെല്ലായോ പണമായോ നൽകേണ്ടതുമായ ഒരു ബത്ത എന്നർത്ഥമാകുന്നതും, എന്നാൽ ഏതെങ്കിലും രാഷ്ട്രീയ പെൻഷനോ കുടുംബ പെൻഷനോ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

(സി) ''ജന്മി'' എന്നാൽ സർക്കാരിൻ നിന്നും അർത്ഥപലിശയോ ജന്മിഭോഗമോ കരത്തിൽചെലവോ സ്വീകരിക്കുന്നതിന് അവകാശമുള്ള ഒരാൾ എന്നർത്ഥമാകുന്നു ;

(ഡി) ''ജന്മിഭോഗം'' എന്നാൽ കൊല്ലവർഷം 1061-ലെ റവന്യൂ സെറ്റിൽമെന്റിൽ പണ്ടാരപ്പാട്ടമായി തരംതിരിച്ചിട്ടുള്ള നെൽപ്പാടങ്ങളുടെമേൽ നികുതിയായി ചുമത്തിയിട്ടുള്ളതും പ്രസ്തുത സെറ്റിൽമെന്റിനുമുമ്പ് ആ നെൽപ്പാടങ്ങളിന്മേലുള്ള ജന്മിമാരുടെ ചില അവകാശങ്ങളുടെ അംഗീകാരമായി ജന്മിമാർക്ക് നൽകിയിരുന്നതും അത് വിളംബര തീയതിയിലും അതിനുശേഷവും, ജന്മിമാരുടെ ഇഷ്ടാനുസരണം നെല്ലായോ പണമായോ നൽകേണ്ടതും എന്നാൽ ഏതെങ്കിലും രാഷ്ട്രീയ പെൻഷനോ കുടുംബ പെൻഷനോ ഉൾപ്പെടാത്തതുമായ നെല്ലിന്റെ വിഹിതം എന്നർത്ഥമാകുന്നു;

(ഇ) ''കരത്തിൽ ചെലവ്'' എന്നാൽ സർക്കാരിൽ നിന്നും പെൻഷനോ അലവൻസോ കിട്ടാൻ അർഹതയുണ്ടായിരുന്ന ചില ഭൂമി കൈവശക്കാർക്ക് അവരുടെ കൈവശമുള്ള ഭൂമിക്ക് കൊടുക്കേണ്ടതായ ഭൂനികുതിയിൽ നിന്നും അങ്ങനെയുള്ള തുകകൾ തട്ടിക്കഴിക്കാൽ അനുവദിക്കപ്പെട്ടിരുന്ന പതിവിനു പകരം, സർക്കാർ ഖജനാവിൽ നിന്നും സർക്കാർ നൽകുന്ന പെൻഷനോ അലവൻസോ എന്നർത്ഥമാകുന്നു ;

(എഫ്) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ജി) ''വിളംബരം'' എന്നാൽ 1917 ആഗസ്റ്റ് 27-ാം തീയതി തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സ് പുറപ്പെടുവിച്ച വിളംബരം എന്നർത്ഥമാകുന്നു ;

(എച്ച്) ''തഹസീൽദാർ'' എന്നാൽ ജന്മിക്ക്, അതതു സംഗതിപോലെ, അർത്ഥപലിശയോ ജന്മിഭോഗമോ (അത് പണമായി നൽകേണ്ടുന്നിടത്ത്) കരത്തിൽ ചെലവോ നൽകുന്ന സർക്കാർ ഖജനാവ് സ്ഥിതിചെയ്യുന്ന താലൂക്കിലെ തഹസീൽദാർ എന്നർത്ഥമാകുന്നതും ഇതിൽ, ഈ ആക്റ്റ് പ്രകാരം തഹസീൽദാരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതൊരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതും ആകുന്നു.

3. അർത്ഥപലിശ, ജന്മിഭോഗം, കരത്തിൽചെലവ് എന്നിവ നിർത്തലാക്കൽ.—(1) തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിമയത്തിലോ, കോൺട്രാക്റ്റിലോ, കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, നിശ്ചിത ദിവസവും അന്നുമുതൽക്കും ഏതെങ്കിലും അർത്ഥപലിശയോ ജന്മിഭോഗമോ കരത്തിൽചെലവോ ജന്മിക്ക് ലഭിക്കുന്നതിനുള്ള അവകാശവും ആയത് ജന്മിക്ക് നൽകുന്നതിന് സർക്കാരിനുള്ള ബാദ്ധ്യതയും ഇല്ലാതായിത്തീരുന്നതും അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും ലഭിക്കുന്നതിനുള്ള അവകാശവും നൽകുന്നതിനുള്ള ബാദ്ധ്യതയും നിർത്തലാക്കിയിരിക്കുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം, അർത്ഥപലിശയോ ജന്മിഭോഗമോ കരത്തിൽ ചെലവോ സ്വീകരിക്കുവാനുള്ള അവകാശം നഷ്ടപ്പെട്ട ഒരോ ജന്മിക്കും, ഇതിനുശേഷം വ്യവസ്ഥ ചെയ്തിരിക്കുന്നപ്രകാരം നഷ്ടപരിഹാരം സ്വീകരിക്കാൻ അർഹതയുണ്ടായിരിക്കുന്നതും അത് സർക്കാർ നൽകേണ്ടതുമാണ്.

4. നൽകേണ്ട നഷ്ടപരിഹാരത്തുക.—(1) 3-ാം വകുപ്പു (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള നഷ്ടപരിഹാരം, ഈ വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന കമ്മ്യൂട്ടേഷൻ നിരക്കിൽ, അതത് സംഗതിപോലെ, അർത്ഥപലിശയുടെയോ ജന്മിഭോഗത്തിന്റെയോ മൂല്യത്തിന്റെ അഥവാ കരത്തിൽ ചെലവിന്റെ തുകയുടെ പന്ത്രണ്ടിരട്ടിക്ക് തുല്യമായ തുക ആയിരിക്കേണ്ടതാണ്.

(2) ഏതെങ്കിലും നിയമത്തിലോ, കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ അല്ലെങ്കിൽ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അർത്ഥപലിശയേയോ, ജന്മിഭോഗത്തേയോ, കരത്തിൽചെലവിനെയോ സംബന്ധിച്ചുള്ള നെല്ലിന്റെ കമ്മ്യൂട്ടേഷൻ നിരക്ക് ഓരോ സ്റ്റാൻഡേർഡ് പറയ്ക്കും ആറ് രൂപ ആയിരിക്കേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, ''സ്റ്റാൻഡേർഡ് പറ'' എന്നാൽ 13.11 ലിറ്ററിന് തുല്യമായ അളവ് എന്നർത്ഥമാകുന്നു.

(3) ഈ ആക്റ്റ് പ്രകാരം ഒരു ജന്മിക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക നിശ്ചിത ദിവസം മുതൽ കൊടുക്കാനുള്ളതായി കരുതേണ്ടതും, അതിൻമേലുള്ള പലിശ, ആ തീയതി മുതൽ നഷ്ടപരിഹാരം നൽകുന്ന തീയതിവരെ, വർഷത്തിൽ നാലര ശതമാനം നിരക്കിൽ നൽകേണ്ടതുമാണ്.

5. നഷ്ടപരിഹാരം പണമായി നൽകണമെന്ന്.—ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ നഷ്ടപരിഹാരം പണമായി നൽകേണ്ടതാണ്.

6. നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച നടപടികൾ തഹസിൽദാരുടെ മുൻപാകെ ആയിരിക്കേണ്ടതാണെന്ന്.—ഈ ആക്റ്റ് അനുസരിച്ച് ഒരു ജന്മിക്ക് നൽകേണ്ട നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതും അതിൻപ്രകാരം അർഹതയുള്ള ആളുകൾക്ക് നൽകുന്നതും സംബന്ധിച്ച എല്ലാ നടപടികളും തഹസീൽദാർ മുൻപാകെ ആയിരിക്കേണ്ടതാണ്.

7. നഷ്ടപരിഹാര പട്ടിക തഹസിൽദാർ തയ്യാറാക്കണമെന്ന്.—ഈ ആക്റ്റ് പ്രകാരം ജന്മിമാർക്ക് നഷ്ടപരിഹാരം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നിർണ്ണയിക്കപ്പെട്ട രീതിയിൽ ഓരോ ജന്മിയേയും സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു കരട് നഷ്ടപരിഹാരപ്പട്ടിക തഹസീൽദാർ തയ്യാറാക്കേണ്ടതാണ്,—

(എ) അതത് സംഗതിപോലെ, വർഷംതോറും നൽകേണ്ട അർത്ഥപലിശ, ജന്മിഭോഗം അഥവാ കരത്തിൽചെലവും ആയത് ലഭിക്കുന്നതിന് അർഹതയുള്ള ആളുകളുടെ പേരും ;

(ബി) ഈ ആക്റ്റ്പ്രകാരം നൽകേണ്ടതായ നഷ്ടപരിഹാരത്തുകയും ;

(സി) നിർണ്ണയിക്കപ്പെടാവുന്ന മറ്റു വിവരങ്ങളും.

8. കരട് നഷ്ടപരിഹാരപ്പട്ടികയുടെ പ്രസിദ്ധീകരണം.—(1) 7-ാം വകുപ്പുപ്രകാരം നഷ്ടപരിഹാരപ്പട്ടിയുടെ കരട് തയ്യാറാക്കിയതിനുശേഷം തഹസീൽദാർ,—

(എ) കരട് നഷ്ടപരിഹാരപ്പട്ടിക തയ്യാറാക്കപ്പെട്ടിട്ടുണ്ടെന്നും, നോട്ടീസിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സ്ഥലത്തും സമയത്തും, താല്പര്യമുള്ള ആളുകൾക്ക് പരിശോധിക്കാവുന്നതാണെന്നും കാണിച്ച് ഗസറ്റിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു വിധത്തിലും ഒരു നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതും; കൂടാതെ

(ബി) അങ്ങനെയുള്ള ഒരു നോട്ടീസിന്റെ പകർപ്പ് കരട് നഷ്ടപരിഹാര പട്ടികയുടെ ഒരു പകർപ്പ് സഹിതം 7-ാം വകുപ്പ് (എ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഓരോ ആളിനും നൽകുകയോ നൽകാൻ ഏർപ്പൊടുചെയ്യുകയോ ചെയ്യേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള നോട്ടീസുമൂലം, അപ്രകാരമുള്ള നഷ്ട പരിഹാരത്തിന്റെ ഏതെങ്കിലും ഭാഗം ഓഹരിയായോ ജീവനാംശമായോ മറ്റു വിധത്തിലോ, അവകാശപ്പെടുന്ന, ജന്മിയുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെ, താല്പര്യമുള്ള എല്ലാ ആളുകളേയും, തഹസീൽദാർ മുൻപാകെ ഹാജരാകുന്നതിനും, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള സമയത്തിനുള്ളിൽ അവകാശങ്ങളും ആക്ഷേപങ്ങളും ബോധിപ്പിക്കുന്നതിനും, ആവശ്യപ്പെടാവുന്നതുമാകുന്നു

(3) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സമയത്തിനുള്ളിൽ ഏതെങ്കിലും അവകാശമോ, ആക്ഷേപമോ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ, തഹസീൽദാർ അത് രജിസ്റ്റർ ചെയ്യേണ്ടതും, അത് കേൾക്കുന്നതിന് ഒരു തീയതി നിശ്ചയിക്കേണ്ടതും ആ വിവരം ബന്ധപ്പെട്ട ജന്മിക്കും, നോട്ടീസ് പ്രകാരം അദ്ദേഹത്തിന്റെ മുൻപിൽ ഹാജരാകുന്നതിന് താല്പര്യമുള്ള ഏതൊരാൾക്കും നൽകേണ്ടതുമാകുന്നു.

(4) (3)-ാം ഉപവകുപ്പുപ്രകാരം നിശ്ചയിക്കപ്പെട്ട തീയതിയിലോ അല്ലെങ്കിൽ നടപടികൾ മാറ്റിവയ്ക്കപ്പെടാവുന്ന ഏതെങ്കിലും തീയതിലോ തഹസീൽദാർ, അവകാശങ്ങളും ആക്ഷേപങ്ങളും അന്വേഷിക്കേണ്ടതും തീരുമാനിക്കേണ്ടതും ആകുന്നു.

(5) (4)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി തഹസീൽദാർക്ക്, ഒരു സിവിൽകോടതിയുടെ എല്ലാ അധികാരങ്ങളും, ബാധകമാകുന്നിടത്തോളം ഉണ്ടായിരിക്കുന്നതും, നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രൂപഭേദപ്പെടുത്തലുകൾക്ക് വിധേയമായി, സ്ഥാവരവസ്തുക്കളെ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ വാദം കേൾക്കുന്നതിനും തീർപ്പു കല്പിക്കുന്നതിനും, 1908-ലെ സിവിൽ നടപടി നിയമത്തിൽ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) വിവരിച്ചിട്ടുള്ള നടപടിക്രമം പാലിക്കേണ്ടതുമാകുന്നു.

9. തഹസീൽദാരുടെ ഉത്തരവ് സിവിൽ കോടതിയുടെ ഡിക്രിയായി കരുതണമെന്ന്.—(1) 8-ാം വകുപ്പുപ്രകാരം, ഒരു അവകാശമോ, ആക്ഷേപമോ തീരുമാനിച്ചു കൊണ്ട് അല്ലെങ്കിൽ അവകാശപ്പെട്ട ആൾക്കാരുടെ ഇടയിൽ നഷ്ടപരിഹാരം പങ്കു വച്ചുകൊണ്ടുള്ളതോ ആയ തഹസീൽദാരുടെ ഉത്തരവ്, ഒരു സിവിൽ കോടതിയുടെ ഡിക്രിയായി കരുതപ്പെടുന്നതും അതിൽ കേസിന്റെ ഒരു സംക്ഷിപ്ത വിവരണവും തീരുമാനിക്കേണ്ട സംഗതികളും അതിൻമേലുള്ള തീരുമാനവും, അപ്രകാരമുള്ള തീരുമാനത്തിനുള്ള കാരണങ്ങളും അടങ്ങിയിരിക്കേണ്ടതുമാണ്.

(2) മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (1)-ാം ഉപ വകുപ്പിൽ പരാമർശിച്ചിട്ടുള്ള, തഹസീൽദാരുടെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കുള്ളിൽ ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും, അപ്പീലിൻമേലുള്ള ജില്ലാ കോടതിയുടെ ഉത്തരവ് അന്തിമമായിരിക്കുന്നതും ആകുന്നു.

10. അന്തിമ നഷ്ടപരിഹാര പട്ടികയിലെ തിരുത്തലുകൾ.—ഈ ആക്റ്റിലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തപ്രകാരമല്ലാതെ, നഷ്ടപരിഹാരപ്പട്ടിക അന്തിമമായി തീർച്ചപ്പെടുത്തിയശേഷം അതിൽ യാതൊരു തിരുത്തലും വരുത്താൻ പാടില്ലാത്തതാകുന്നു; എന്നാൽ തഹസീൽദാർക്ക്, നഷ്ടപരിഹാരം നൽകുന്നതിന് മുൻപ് ഏതൊരു സമയത്തും സ്വമേധയായോ, താല്പര്യമുള്ള കക്ഷിയുടെ അപേക്ഷയിൽമേലോ ഏതെങ്കിലും കൈതെറ്റോ അല്ലെങ്കിൽ കണക്കിലുള്ള തെറ്റോ അല്ലെങ്കിൽ യാദൃശ്ചികമായ നോട്ടപ്പിശകോ ഉപേക്ഷയോമൂലമുണ്ടായ ഏതെങ്കിലും പിശകോ തിരുത്താവുന്നതാണ്.

11. നഷ്ടപരിഹാരം നൽകൽ.—(1) ഈ ആക്റ്റ് പ്രകാരമുള്ള നഷ്ടപരിഹാരത്തുക നഷ്ടപരിഹാരപ്പട്ടിയിൽ അവകാശികളായി പേര് ചേർത്തിട്ടുള്ള ആളുകൾക്ക് നൽകേണ്ടതാണ്.

(2) നഷ്ടപരിഹാരത്തിന് അർഹതയുള്ള ഒരു ആൾ, അത് ലഭിക്കുന്നതിനു മുൻപ് മരിക്കുകയാണെങ്കിൽ അയാളുടെ നിയമാനുസൃത അവകാശികൾക്ക് ആ തുക നൽകേണ്ടതാണ്.

(3) നഷ്ടപരിഹാരത്തിന് അർഹതയുള്ള ആൾ ഒരു ട്രസ്റ്റോ, ഒരു എൻഡോവ്മെന്റോ, ഒരു മൈനറോ അല്ലെങ്കിൽ നിയമപരമായ അവശത അനുഭവിക്കുന്ന ആളോ അല്ലെങ്കിൽ പൂർണ്ണാവകാശമില്ലാത്ത ഉടമസ്ഥനോ ആണെങ്കിൽ, മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ പുറപ്പെടുവിക്കുന്ന പൊതു നിർദ്ദേശങ്ങൾക്ക് വിധേയമായി, നഷ്ടപരിഹാരം അങ്ങനെയുള്ള ആൾക്കു വേണ്ടി നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥാനത്തിലോ ബാങ്കിലോ നിക്ഷേപിക്കാവുന്നതാകുന്നു.

(4) ഏതെങ്കിലും കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ മുൻപാകെ, ഈ ആക്റ്റ് പ്രകാരം നൽകേണ്ട നഷ്ടപരിഹാരം മുഴുവനായോ ഭാഗികമായോ സ്വീകരിക്കുന്നതിനുള്ള ഏതെങ്കിലും ആളുടെ അവകാശത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്നതോ ബാധിക്കാൻ ഇടയുള്ളതോ ആയ ഏതെങ്കിലും വ്യവഹാരമോ നടപടിയോ നിലവിലുളളിടത്ത്, ആ കോടതിക്കോ അധികാരസ്ഥാനത്തിനോ തഹസീൽദാരോട് അങ്ങനെ നൽകേണ്ടതായ തുക അതിന്റെ അധീനതയിൽ വയ്ക്കുവാൻ ആവശ്യപ്പെടാവുന്നതും അതിൻ പ്രകാരം പ്രസ്തുത തുക കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ ഉത്തരവുകൾക്കനുസൃതമായി വിനിയോഗിക്കേണ്ടതുമാണ്.

12. നഷ്ടപരിഹാരം നൽകുന്നത് അർത്ഥപലിശ, ജന്മിഭോഗം അല്ലെങ്കിൽ കരത്തിൽചെലവ് എന്നിവ നൽകാനുള്ള ബാദ്ധ്യതകൾ പൂർണ്ണമായി വിടുതൽ ചെയ്യുമെന്ന്.—ഈ ആക്റ്റിലോ അതിൻ പ്രകാരമോ നിശ്ചയിച്ചിട്ടുള്ള രീതിയിൽ നഷ്ടപരിഹാരം ജന്മിമാർക്കോ അത് കിട്ടാൻ അർഹതയുള്ള മറ്റേതെങ്കിലും ആളുകൾക്കോ കൊടുക്കുന്നത്, അതതു സംഗതിപോലെ, അർത്ഥപലിശ, ജന്മിഭോഗം അല്ലെങ്കിൽ

കരത്തിൽചെലവ് എന്നിവ നൽകാനുള്ള സർക്കാരിന്റെ ബാദ്ധ്യതയുടെ പൂർണ്ണമായ വിടുതൽ ആയിരിക്കുന്നതും അപ്രകാരമുള്ള ഏതെങ്കിലും തരത്തിലുള്ള അവകാശ ത്തിനോ നഷ്ടപരിഹാരത്തിനോ പിന്നീട് യാതൊരു അർഹതയും ഉണ്ടായിരിക്കുന്നതല്ലാ ത്തതും ആകുന്നു.

13. കുടിശ്ശിക കൊടുക്കൽ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിശ്ചിത ദിവസത്തിനു തൊട്ടുമുൻപ് ജന്മിക്ക് കിട്ടാനുള്ളതും ആ ദിവസത്തിനുശേഷവും നൽകാത്തതായി അവശേഷിക്കുന്നതും ആയ അർത്ഥപലിശ, ജന്മിഭോഗം അഥവാ കരത്തിൽചെലവ് ഇവയുടെ ഏതെങ്കിലും കുടിശ്ശിക, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുൻപുള്ള അതേ രീതിയിൽ ജന്മിക്ക് കൊടുക്കേണ്ടതാണ്.

14. സർക്കാരിനോ ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ആൾക്കോ എതിരായി ഒരു നടപടിയും നിലനിൽക്കുന്ന തല്ലെന്ന്.—(1) ഈ ആക്റ്റ് പ്രകാരം സർക്കാർ എടുത്തതോ എടുക്കാൻ ഉദ്ദേശിച്ചിട്ടു ള്ളതോ ആയ യാതൊരു പ്രവർത്തിക്കും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ അഥവാ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ഏതെങ്കിലും ആഫീസർക്കെതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ എടുക്കാൻ പാടില്ലാത്തതാകുന്നു.

15. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുതിനുവേണ്ടി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ അപ്രകാരമുള്ള ചട്ടങ്ങളിൽ, താഴെ പറയുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്,—

(എ) നഷ്ടപരിഹാര പട്ടികയുടെ കരട് തയ്യാറാക്കേണ്ട രീതി ;

(ബി) നഷ്ടപരിഹാര പട്ടികയുടെ കരടിനെ സംബന്ധിച്ച നോട്ടീസിൻമേൽ ആക്ഷേപങ്ങൾ ബോധിപ്പിക്കേണ്ട സമയം ;

(സി) 9-ാം വകുപ്പ്, (2)-ാം ഉപവകുപ്പു പ്രകാരമുള്ള അപ്പീലിന് കൊടുക്കേണ്ട ഫീസ് ;

(ഡി) 11-ാം വകുപ്പ്, (3)-ാം ഉപവകുപ്പു പ്രകാരം നിക്ഷേപം ഏത് അധികാ രസ്ഥാനത്തോ ബാങ്കിലോ ആണ് നിക്ഷേപിക്കേണ്ടതെന്ന് ;

(ഇ) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ എല്ലാ ചട്ടങ്ങളും, അതുണ്ടാക്കിയശേഷം, കഴിയുന്നതും വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുൻപാകെ

ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ ഉൾപ്പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, നിയമസഭ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം നേരത്തെ ചെയ്ത യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.

16. റദ്ദാക്കലും ഒഴിവാക്കലും.—(1) അർത്ഥപലിശയേയും ജന്മിഭോഗത്തേയും സംബന്ധിച്ചിടത്തോളമുള്ള, വിളംബരവും, 2007-ലെ അർത്ഥപലിശയും, ജന്മിഭോഗവും, കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസും (2007-ലെ 54) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം എന്തെങ്കിലും ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും നടപടി എടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയത് ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ തിരുവിതാംകൂർ പ്രദേശത്തുള്ള ചില ജന്മിമാർക്ക് അർത്ഥപലിശ ജന്മിഭോഗം, കരത്തിൽചെലവ് എന്നീ പേരുകളിൽ സർക്കാർ വർഷംതോറും തുകകൾ കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ ഈ തുകകൾ അലവൻസുകളുടെ രൂപത്തിൽ പെൻഷൻ പേമെന്റ് ഓർഡർ വഴിയാണ് കൊടുത്തുവരുന്നത്. കൊല്ലവർഷം 1061-ലെ റവന്യൂ സെറ്റിൽമെന്റിന് മുൻപുള്ള കാലത്ത് അന്നത്തെ തിരുവിതാംകൂർ സർക്കാർ ജന്മിമാർക്ക് അനുവദിച്ച തുകകളാണ് അർത്ഥപലിശ, ജന്മിഭോഗം, കരത്തിൽചെലവ്. അത്തരം അവകാശം ഉള്ളവർക്ക് നഷ്ടപരിഹാരം കൊടുത്തുകൊണ്ട് വർഷംതോറുമുള്ളതും ആവർത്തനസ്വഭാവം ഉള്ളതുമായ ഈ തുക കൊടുക്കലുകൾ നിർത്തൽ ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.

2. മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായുള്ള ഒരു ബിൽ പതിനൊന്നാം കേരള നിയമസഭയുടെ 89-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ആയത് പതിനൊന്നാം കേരള നിയമസഭയിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ സാധിച്ചില്ല. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും ആയത് ഒരു ഓർഡിനൻസായി വിളംബരപ്പെടുത്തുവാൻ തീരുമാനിച്ചു. അതിൻപ്രകാരം 2005-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് (2005-ലെ 23) ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2005 ഡിസംബർ 16-ാം തീയതിയിലെ 2712 നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2006-ലെ 22-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ഒരു ബിൽ 2006 ഫെബ്രുവരി 3-ാം തീയതി ആരംഭിച്ച് 2006 ഫെബ്രുവരി 21-ാം തീയതി അവസാനിച്ചതും 2006 മാർച്ച് 14-ാം തീയതി ആരംഭിച്ച് മാർച്ച് 15-ാം തീയതി അവസാനിച്ചതുമായ, കേരള നിയമസഭയുടെ സമ്മേളനങ്ങളിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ സാധിച്ചില്ല. അതിനാൽ 2006-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് (2006-ലെ 13) 2006 മാർച്ച് 17-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2006 മാർച്ച് 17-ാം തീയതിയിലെ 589-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2006-ലെ 13-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ, 2006 മേയ് 24-ാം തീയതി ആരംഭിച്ച് 2006 ജൂൺ 30-ാം തീയതി അവസാനിച്ച, സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2006-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് (2006-ലെ 32) 2006 ജൂലൈ 5-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2006 ജൂലൈ 5-ാം തീയതിയിലെ 1126-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2006-ലെ 32-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ, 2006 സെപ്റ്റംബർ 18-ാം തീയതി ആരംഭിച്ച് 2006 ഒക്ടോബർ 26-ാം തീയതി അവസാനിച്ച, സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2006-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് (2006-ലെ 48) 2006 ഒക്ടോബർ 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2006 ഒക്ടോബർ 30-ാം തീയതിയിലെ 1712-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2006-ലെ 48-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 2006 ഡിസംബർ 27-ാം തീയതി ആരംഭിച്ച് 2006 ഡിസംബർ 29-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് (2007-ലെ 11) 2007 ഫെബ്രുവരി 4-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 ഫെബ്രുവരി 5-ാം തീയതിയിലെ 209-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2007-ലെ 11-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 2007 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2007 മാർച്ച് 29-ാം തീയതി

അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് (2007-ലെ 34) 2007 മാർച്ച് 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 ഏപ്രിൽ 2-ാം തീയതിയിലെ 639-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2007-ലെ 34-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 2007 ജൂൺ 19-ാം തീയതി ആരംഭിച്ച് 2007 ജൂലൈ 26-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല. ആയതിനാൽ 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് (2007-ലെ 54) 2007 ജൂലൈ മാസം 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 ജൂലൈ 30-ാം തീയതിയിലെ 1414-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും കിട്ടാനുള്ള അവകാശം അവസാനിപ്പിക്കപ്പെട്ട ഓരോ ജന്മിക്കും 4-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡപ്രകാരം സർക്കാരിൽ നിന്നും നഷ്ടപരിഹാരം കിട്ടാൻ അവകാശം ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബില്ലിലെ 3-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡം. നഷ്ടപരിഹാരം ആ ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള കമ്മ്യൂട്ടേഷൻ നിരക്കിൽ, അതതു സംഗതിപോലെ, അർത്ഥപലിശയുടെയോ ജന്മിഭോഗത്തിന്റെയോ ധനമൂല്യത്തിന്റെ അല്ലെങ്കിൽ കരത്തിൽചെലവ് തുകയുടെ 12 ഇരട്ടിക്ക് തുല്യമായ തുകയായിരിക്കുന്നതാണ്.

2. 4-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡം അനുസരിച്ച് സ്റ്റാൻഡേർഡ് പറയ്ക്ക് 6 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതാണ്. നഷ്ടപരിഹാരമായി നൽകേണ്ടി വരുന്ന തുക 9,41,148 രൂപ (അർത്ഥപലിശ 51,847.20 രൂപ, ജന്മിഭോഗം 6,47,136 രൂപ, കരത്തിൽചെലവ് 2,42,164.80 രൂപ ആയിരിക്കും). ഈ ബില്ലിന്റെ 4-ാം ഖണ്ഡത്തിലെ (3)-ാം ഉപഖണ്ഡപ്രകാരം നഷ്ടപരിഹാരമായി നൽകേണ്ട തുകയ്ക്ക് നിശ്ചിത ദിവസം മുതൽ നഷ്ടപരിഹാരം നൽകുന്ന തീയതി വരെ, പ്രതിവർഷം നാലര ശതമാനം നിരക്കിൽ പലിശയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. പലിശ നൽകുന്നതിന് വഹിക്കേണ്ട ചെലവ് കൃത്യമായി ഇപ്പോൾ കണക്കാക്കാവുന്നതല്ല.

3. 8-ാം ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട നോട്ടീസ് ഗസറ്റിലും നിർണ്ണയിക്കപ്പെടാവുന്ന, മറ്റു പ്രകാരത്തിലും പ്രസിദ്ധം ചെയ്യുന്നതിനും തൽപ്പരകക്ഷികൾക്ക് അപ്രകാരമുള്ള നോട്ടീസിന്റെ കോപ്പികൾ നൽകുന്നതിനും വ്യവസ്ഥ ചെയ്യാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ബില്ലിലെ 8-ാം ഖണ്ഡം. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക് വേണ്ടിവരുന്ന നിസ്സാരപ്പെട്ട ചെലവ് തുകയും ഇപ്പോൾ കൃത്യമായി കണക്കാക്കാവുന്നതല്ല.

## ഏല്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ആക്റ്റ് ഏത് തീയതി മുതൽ പ്രാബല്യത്തിൽ വരുമെന്ന് ഗസറ്റ് വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ 1-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ചട്ടങ്ങളുണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഈ ബില്ലിലെ 15-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. അങ്ങനെയുള്ള ചട്ടങ്ങളിൽ മറ്റു സംഗതികളോടൊപ്പം നഷ്ടപരിഹാരപ്പട്ടികയുടെ കരട് തയ്യാറാക്കേണ്ട രീതി, നഷ്ടപരിഹാരപ്പട്ടികയുടെ കരടിനെ സംബന്ധിച്ച നോട്ടീസിൻമേൽ ആക്ഷേപങ്ങൾ ബോധിപ്പിക്കുവാനുള്ള സമയം, 9-ാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡം പ്രകാരം അപ്പീലിന് കൊടുക്കേണ്ട ഫീസ്, 11-ാം ഖണ്ഡത്തിലെ (3)-ാം ഉപഖണ്ഡപ്രകാരം പണം നിക്ഷേപിക്കേണ്ട അധികാരസ്ഥാനം അഥവാ ബാങ്ക് എന്നിവയും നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യവും വ്യവസ്ഥ ചെയ്യാവുന്നതാണ്.

2. ഏതെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്യുന്നത് അവ നടപടിക്രമം സംബന്ധിച്ചതോ ഭരണപരമോ ആയ സ്വഭാവത്തിലുള്ളവയാണ്. മാത്രമല്ല, ചട്ടങ്ങൾ അവ ഉണ്ടാക്കപ്പെട്ടതിനു ശേഷം, നിയമസഭയുടെ, സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

കെ. പി. രാജേന്ദ്രൻ